(ജി) 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപ നിരക്കിൽ റേഷനരി നൽകുന്നതിനായി 2010-11-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം 125 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ആവശ്യത്തിന് 2010-11 -ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 500 കോടി രൂപ ആവശ്യാനുസരണം അനുവദിക്കുന്നതാണ്.

പുത്തൻ വളർച്ചാ മേഖലകളെ പ്രോത്സാഹിപ്പിക്കാൻ നടപടികൾ

162 (4516) ശ്രീ. കെ. ടി. ജലീൽ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുത്തൻ വളർച്ചാ മേഖലകളെ പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഐ.ടി., ടൂറിസം മേഖലകൾക്ക് മെച്ചപ്പെട്ട ബഡ്ജറ്റ് വിഹിതം നൽകിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) വാണിജ്യരംഗത്തെ പരിപോഷിപ്പിക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പശ്ചാത്തല സൗകര്യവികസനത്തിന് സർക്കാർ പ്രാമുഖ്യം നൽകുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ പുത്തൻ വളർച്ചാമേഖലകളിൽ ഉൾപ്പെടുന്ന വിവരസാങ്കേതികവിദ്യ, ബയോ ടെക്നോളജി, വിനോദസഞ്ചാരം എന്നിവയ്ക്ക് മുന്തിയ പരിഗണന നൽകി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2010-11 വാർഷികപദ്ധതിയിൽ വിവരസാങ്കേതികവിദ്യ, ബയോടെക്നോളജി, വിനോദ സഞ്ചാരം എന്നീ മേഖലകൾക്ക് പദ്ധതി വിഹിതമായി യഥാക്രമം 152.8 കോടി, 1 കോടി, 90 കോടിരൂപ വീതം വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. 2009-10-ലെ ബഡ്ജറ്റിൽ ഐ.ടി. മേഖലയ്ക്ക് 81.17 കോടി രൂപയും ടൂറിസം മേഖലയ്ക്ക് 65.01 കോടിരൂപയും ആണ് വകയിരുത്തിയിരുന്നത് നടപ്പു സാമ്പത്തിക വർഷം യഥാക്രമം 152.8 കോടിരൂപയും, 90 കോടിരൂപയുമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ടി ബഡ്ജറ്റ് വിഹിതത്തിനുപുറമേ ഐ.ടി. മേഖലയ്ക്ക് 50 കോടിരൂപയുടേയും ടൂറിസം മേഖലയ്ക്ക് 40.25 കോടിരൂപയുടേയും അധിക വിഹിതം 2010-11-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. ഗ്രാന്റ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവൽ വാണിജ്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പശ്ചാത്തല സൗകര്യ വികസനത്തിന് സർക്കാർ പ്രാമുഖ്യം നൽകി വരുന്നുണ്ട്. 2010-11 വാർഷിക പദ്ധതിയിൽ വിവിധ പശ്ചാത്തല സൗകര്യ വികസന മേഖലകളായ വൈദ്യുതിക്ക് 1047 കോടിരൂപയും തുറമുഖങ്ങൾ ലൈറ്റ് ഹൗസുകൾ, കപ്പൽ ഗതാഗതം എന്നിവയ്ക്ക് 170.81 കോടിരൂപയും റോഡുകൾ, പാലങ്ങൾ എന്നിവയ്ക്ക് 540.14 കോടിരൂപയും റോഡ് ഗതാഗതത്തിന് 48.19 കോടി രൂപയും ജലഗതാഗതത്തിന് 114.33 കോടിരൂപയും മറ്റ് ഗതാഗത സർവ്വീസുകൾക്ക് 1 കോടിരൂപയും കെട്ടിട നിർമ്മാണത്തിന് 24.73 കോടിരൂപയും വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ പദ്ധതിയേതരയിനത്തിൽ 1772 കോടിരൂപയും പശ്ചാത്തല മേഖലയ്ക്കായി നീക്കിവെച്ചിട്ടുണ്ട്.

സംസ്ഥാന ധനവിനിയോഗ കണക്കനുസരിച്ചുള്ള അസൽ ഗ്രാന്റ്

183 (4517) ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2008-2009 സാമ്പത്തിക വർഷം സംസ്ഥാന ധനവിനിയോഗ കണക്കനുസരിച്ച് അസൽ ഗ്രാന്റായും സപ്ലിമെന്ററി ഗ്രാന്റായും മൊത്തം എത്ര രൂപ വകയിരുത്തിയിരുന്നു ;

(ബി) ഇതിൽ സർക്കാരിന്റെ ധനവിനിയോഗ കണക്കനുസരിച്ച് എത്ര രൂപ ചെലവ് ചെയ്തു ; എത്ര രൂപ മിച്ചമുണ്ടായിട്ടുണ്ട് ;

(സി) പ്രസ്തുത സാമ്പത്തിക വർഷം ഭരണഘടനയുടെ 205-ാം അനുച്ഛേദം അനുസരിച്ച് അധിക ചെലവുകൾ ക്രമീകരിച്ചോ ;

(ഡി) ഇതിൽ എത്ര കേസുകൾ സാമ്പത്തിക വർഷത്തിന്റെ അവസാനത്തെ രണ്ട് പ്രവൃത്തി ദിവസങ്ങളിലായി ചെലവഴിച്ചു ;

(ഇ) ഗ്രാന്റുകളിലും ധനവിനിയോഗങ്ങളിലും ഉണ്ടായിരുന്ന എത്ര കോടി രൂപയുടെ മിച്ചം തിരിച്ചടച്ചില്ലായെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇത് സംബന്ധിച്ച് എന്തെങ്കിലും പുനഃധനവിനിയോഗം നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ ;

(ജി) ഇത് സംബന്ധിച്ച് സി & എ.ജി. എന്തെങ്കിലും കണ്ടെത്തലുകളും ശുപാർശകളും നടത്തിയിട്ടുണ്ടോ ;

(എച്ച്) എങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2008-2009 സാമ്പത്തിക വർഷം സംസ്ഥാന ധനവിനിയോഗ കണക്കനുസരിച്ച് അസൽ ഗ്രാന്റായ 41409.83 കോടിരൂപയും സപ്ലിമെന്ററി ഗ്രാന്റായ 3186.36 കോടിരൂപയും ചേർന്ന് മൊത്തം 44596.19 കോടിരൂപ വകയിരുത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly